(ഡി) വനാന്തർഭാഗത്ത് ഇത്തരത്തിൽപെട്ട എത്ര സ്കൂളുകളുണ്ട്;

(ഇ) വനാന്തർഭാഗത്തുള്ള ഇത്തരം സ്കൂളുകളിലെ അദ്ധ്യാപകർക്ക് നൽകുന്ന താമസ സൗകര്യം എന്തെല്ലാമാണ്?

ഉത്തരം

(എ) ഇത്തരം ബദൽ സ്കൂളുകളിൽ പാഠപുസ്തകങ്ങൾക്കു പകരം സ്വയം പഠന കാർഡുകൾ ആണ് ഉപയോഗിക്കുന്നത്. ഈ പഠന സങ്കേതം അനുസരിച്ച് കുട്ടികളുടെ മുമ്പിൽ വച്ചിരിക്കുന്ന പഠന കാർഡുകൾ നോക്കി കുട്ടികൾക്ക് പഠിക്കാവുന്നതും ഈ പ്രക്രിയയിൽ അദ്ധ്യാപകർ ഒരു വഴികാട്ടിയും സഹായിയുമായും വർത്തിക്കാവുന്നതുമാണ്. 1 മുതൽ 4 വരെയുള്ള ഗ്രേഡുകളിൽ പഠിക്കുന്ന വിവിധ പ്രായത്തിലും ഗ്രാഹ്യ നിലവാരത്തിലുമുള്ള കുട്ടികൾ ഒരു ക്ലാസ്സിലിരിക്കുന്നു. ഇവരെ മുഴുവനും പഠിപ്പിക്കുന്നതാകട്ടെ ഒരു അദ്ധ്യാപകൻ അല്ലെങ്കിൽ ഒരു അദ്ധ്യാഹിക. ഒന്ന് രണ്ട് ഗ്രേഡുകളിൽ ഭാഷയും കണക്കും മൂന്നും നാലും ഗ്രേഡുകളിൽ ഇവകൾ കൂടാതെ പരിസരപഠനവും ഈ പാഠ്യപദ്ധതിയിൽ ഉണ്ട്.

(ബി) ഒരു സ്കൂളിൽ ഒരു അദ്ധ്യാപകൻ വീതം ഉണ്ട്.

(സി) കുട്ടികളുടെ മനഃശാസ്ത്രം, ആശയവിനിമയം, രക്ഷാകർത്താക്കളോടുള്ള സമീപനം, ആദിവാസി വിഭാഗങ്ങൾക്ക് കെൽപ്പ് കൊടുക്കൽ ഇത്യാദി വിഷയങ്ങളെ അധികരിച്ച് പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) 90 സ്കൂളുകൾ.

(ഇ) ഇവർക്ക് പ്രത്യേകിച്ച് താമസസൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. എം.ജി.എൽ.സി.-കളിലോ അല്ലെങ്കിൽ ആദിവാസി കുടികളിലുള്ള പ്രായപൂർത്തിയായവർക്കു വേണ്ടി ആദിവാസികൾ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള സത്രങ്ങളിലോ ആണ് ഇവർ താമസിക്കുന്നത്.

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം മാറ്റിയതുമൂലം ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർ

91 [5071] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സർക്കാർ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം മാറ്റിയതിനാൽ എയ്ഡഡ് മേഖലയിലും സർക്കാർ മേഖലയിലും എത്ര അദ്ധ്യാപകർക്കാണ് തൊഴിൽ നഷ്ടപ്പെട്ടത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2000-ന് മുമ്പ് ജോലിയിൽ പ്രവേശിച്ചവർക്കും 1:40 അനുപാതം നിലനിർത്തി പ്രസ്തുത അദ്ധ്യാപകരുടെ ജോലി സംരക്ഷിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 14-7-1997-ൽ റഗുലർ തസ്തികയിൽ ജോലി ചെയ്തിരുന്ന എല്ലാ അദ്ധ്യാപകർക്കും പ്രൊട്ടക്ഷൻ ആനുകൂല്യം ലഭ്യമാണ്.

(ബി) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം മാറ്റിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ പുതിയതായി എയ്ഡഡ് ആക്കിയ സ്കൂളുകളിൽ നിയമിക്കാൻ നടപടി

92 [5072] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ എത്ര അദ്ധ്യാപകരാണ് ജോലി നോക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ വിവിധ മാനേജ്മെന്റ് സ്കൂളുകളിലായി അപ്രൂവൽ കിട്ടാതെ ജോലി ചെയ്യുന്ന എത്ര അദ്ധ്യാപകർ ഉണ്ടെന്ന് വിശദമാക്കുമോ;

(സി) ജില്ലയും മാനേജ്മെന്റും വ്യക്തമാക്കി ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) പ്രൊട്ടക്ടഡ് അദ്ധ്യാപകരെ പുതുതായി എയ്ഡഡ് ആക്കിയ സ്കൂളുകളിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ജോലിയിൽ പ്രവേശിച്ച ശേഷം എത്ര കാലംവരെയാണ് ഓരോരുത്തരും അപ്രൂവൽ ഇല്ലാതെ ജോലി ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനം

93 [5073] ശ്രീ. കളത്തിൽ അബ്ദുള്ള:
" കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനം നിരോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly